"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 - കൊല്ലം ജില്ലയിലെ ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.08.2024 ലെ 1(1), 02.09.2024 ലെ 1(1) നമ്പർ തീരുമാനങ്ങൾ റദ്ദ് ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1579/2025/LSGD തീയതി, തിരുവനന്തപുരം, 24-06-2025

---

പരാമർശം:-

1. 17.01.2023-ലെ സ.ഉ.(പി) നം.10/2023/തസ്വഭവ
2 ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 12.08.2024-ലെ 1(1) നമ്പർ തീരുമാനം.
2. ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 02.09.2024-ലെ 1(1) നമ്പർ തീരുമാനം.
3. ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 03.09.2024- ലെ SC4-4147/24 നമ്പർ കത്ത്
4. 12.09.2024 ലെ സ.ഉ(സാധാ)നം.1688/2024/തസ്വഭവ
5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു ട്രൈബ്യൂണലിന്റെ 25.02.2025-ലെ റഫറൻസ് നമ്പർ 03/2024 ഉത്തരവ്.

**ഉത്തരവ്**

ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത് പന്ത്രണ്ടാം വാർഡിൽ ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് എന്ന സ്ഥാപനം മൊബൈൽ ടവർ നിർമ്മിക്കുന്നതിന് അപ്പൻഡിക്സ് എ5-ൽ അപേക്ഷ സമർപ്പിക്കുകയും നിയമാനുസൃതമായി 10,000/- രൂപ ഫീസ് ഒടുക്കുകയും ചെയ്തിട്ടുള്ളതാണെന്നും ടവർ നിർമ്മാണം സംബന്ധിച്ച് പന്ത്രണ്ടാം വാർഡിലെ പൊതുജനങ്ങൾ നൽകിയ മാസ് പെറ്റീഷൻ പരിഗണിച്ച പഞ്ചായത്ത് ഭരണസമിതിയുടെ 12.08.2024-ലെ യോഗത്തിൽ മൊബൈൽ ടവർ നിർമ്മാണത്തിനായി നൽകിയ അപേക്ഷ പ്രകാരം വാങ്ങിയ ഫീസ് തിരികെ നൽകണമെന്നും അനുവദിച്ച നിർമ്മാണ പെർമിറ്റ് റദ്ദാക്കണമെന്നും പരാമർശം (2) പ്രകാരം തീരുമാനിച്ചിരുന്നുവെന്നും മൊബൈൽ ടവർ നിർമ്മാണത്തിനുള്ള എല്ലാ രേഖകളും സഹിതം സമർപ്പിച്ച അപേക്ഷ നിയമാനുസൃതമാണോ എന്ന് പരിശോധിക്കുക എന്ന നടപടി മാത്രമേ പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് ചെയ്യാനുള്ളു എന്നിരിക്കേ പൊതുജനങ്ങളുടെ ആശങ്ക മാത്രം പരിഗണിച്ച് അപേക്ഷ ഫീസ് തിരികെ നൽകണമെന്ന പഞ്ചായത്ത് കമ്മിറ്റി തീരുമാനം നിയമാനുസൃതമല്ലെന്നും പുനരവലോകനം ചെയ്യണമെന്നും പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടിരുന്നുവെങ്കിലും പൊതുജനങ്ങളുടെ ആശങ്കയും

ആരോഗ്യപ്രശ്നവും ജനകീയസമരവും പരിഗണിച്ച് പരാമർശം (2) പ്രകാരമുള്ള തീരുമാനം പുനരവലോകനം ചെയ്യേണ്ടെന്ന് പരാമർശം (3) പ്രകാരം പഞ്ചായത്ത് ഭരണസമിതി തീരുമാനിക്കുകയുണ്ടായി എന്നും പരാമർശം (4) പ്രകാരം പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) ടി തീരുമാനങ്ങൾ പരാമർശം (1)-ലെ ഉത്തരവിന് വിരുദ്ധമായതിനാൽ, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 182(iii), 2003-ലെ കേരള പഞ്ചായത്ത് രാജ് (നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 4(1) അനുസരിച്ച് പരാമർശം (4) പ്രകാരം പഞ്ചായത്ത് സെക്രട്ടറി സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി തീരുമാനങ്ങൾ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ സെക്ഷൻ 191(4) പ്രകാരം സ്റ്റേ ചെയ്തു കൊണ്ടും സെക്ഷൻ 191(2) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന് റഫർ ചെയ്തു കൊണ്ടും പരാമർശം 3 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3) കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ചട്ടം 83 പ്രകാരം, ടെലികമ്മ്യൂണിക്കേഷൻ ടവറിന്റെ നിർമ്മാണത്തിന് പെർമിറ്റ് ആവശ്യമില്ലാത്തതും ഗ്രാമപഞ്ചായത്തിൽ ആവശ്യമായ രേഖകൾ ഹാജരാക്കി അറിയിപ്പ് നൽകിയാൽ മതിയാകുന്നതും സെക്രട്ടറി നൽകിയ പെർമിറ്റ് പഞ്ചായത്ത് കമ്മിറ്റിക്ക് റദ്ദാക്കാൻ കഴിയില്ലാത്തതുമാണെന്നും ഈ സാഹചര്യത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനങ്ങൾ നിയമാനുസൃതമല്ലെന്നും പഞ്ചായത്ത് സെക്രട്ടറിയുടെ തീരുമാനം നിയമപരവും ശരിയുമാണെന്നും പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ സെക്ഷൻ 185 B യ്ക്ക് വിരുദ്ധമാണെന്നും പരാമർശം (5) പ്രകാരം ഉത്തരവായിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന്റെ പരാമർശം (5) പ്രകാരമുള്ള ഉപദേശം പരിഗണിച്ച്, ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.08.2024-ലെ 1(1), 02.09.2024-ലെ 1(1) എന്നീ തീരുമാനങ്ങൾ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ സെക്ഷൻ 191(2) പ്രകാരം റദ്ദു ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYANTHI B S
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ, കോർട്ട് കോംപ്ലക്സ് ,
വഞ്ചിയൂർ, തിരുവനന്തപുരം 695035
പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, കൊല്ലം
സെക്രട്ടറി, ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത്, കൊല്ലം
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), വിവരപൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Shini Pereira. V

Date: 24-06-2025 17:04:07

സെക്ഷൻ ഓഫീസർ